കിണർ കുഴിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ

55 [3196] ശ്രീ. കെ. ബാബു:
" ടി. എച്ച്. മുസ്തഫ:
" അടൂർ പ്രകാശ്:
" ടി. യു. രാധാകൃഷ്ണൻ:
" കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കിണറുകളുള്ളതായി കണക്കാക്കപ്പെട്ടിട്ടുണ്ട്;

(ബി) ഇവയിൽ ഇന്നേവരെ എത്ര കിണറുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) 2002 മുതൽ എത്ര പുതിയ കിണറുകൾ നിർമ്മിക്കുന്നതിനുള്ള അപേക്ഷകൾ കിട്ടുകയും അവ രജിസ്റ്റർ ചെയ്ത് സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തിട്ടുണ്ട്;

(ഡി) കിണർ കുഴിക്കുന്നതിനുള്ള അനുമതിക്കു വേണ്ടി ആവശ്യക്കാർ ജലഅതോറിറ്റിയെ സമീപിക്കേണ്ടതുണ്ടോ;

(ഇ) പുതിയതായി കിണറുകൾ കുഴിക്കുന്നതിന് സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ കിണറുകളുടെ എണ്ണം ഭൂജലവകുപ്പ് തിട്ടപ്പെടുത്തിയിട്ടില്ല.

(ബി) രജിസ്റ്റർ ചെയ്യുവാനുള്ള സംവിധാനം ഇപ്പോൾ നിലവിലില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഭൂജല അതോറിറ്റി നിലവിൽ വന്നിട്ടില്ലാത്തതിനാൽ ചോദ്യം ഇപ്പോൾ പ്രസക്തമല്ല.

(ഇ) ഭൂജല അതോറിറ്റി രൂപീകൃതമാവുമ്പോൾ മാത്രമേ നടപടി ക്രമങ്ങൾ തീർച്ചയാക്കപ്പെടുകയുള്ളു.

ജപ്പാൻ കുടിവെള്ള പദ്ധതിയുടെ കൺസൾട്ടൻസി സർവ്വീസിനെ ഷോർട്ട് ലിസ്റ്റ് ചെയ്യുന്നതിനുള്ള ടെണ്ടർ

56 [3199] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ കൺസൾട്ടൻസി സർവ്വീസിനെ ഷോർട്ട് ലിസ്റ്റ് ചെയ്യാനുള്ള ടെണ്ടർ എന്നാണ് ക്ഷണിച്ചത്; അതിന്റെ പരസ്യ രീതി എങ്ങിനെയായിരുന്നു;

(ബി) ഈ ടെണ്ടറിൽ എത്ര കമ്പനി ചെയ്തു; അവ ഏതെല്ലാം; എത്ര പേരെ ഇതിൽ നിന്നും ഷോർട്ട് ലിസ്റ്റ് ചെയ്തു;

(സി) ഏതെല്ലാം മാനദണ്ഡങ്ങൾ ഉപയോഗിച്ചാണ് ടെണ്ടർ മൂല്യനിർണ്ണയം നടത്തിയത്;

(ഡി) ജപ്പാൻ കുടിവെള്ള പദ്ധതിക്ക് ടെണ്ടർ പ്രകാരം ഷോർട്ട് ലിസ്റ്റ് ചെയ്ത കമ്പനികളെ മാർക്ക് കൊടുത്ത് റാങ്ക് ചെയ്തിരുന്നോ;

(ഇ) ഷോർട്ട് ലിസ്റ്റ് ചെയ്ത കമ്പനികളുടെ റാങ്ക് വെളിപ്പെടുത്താമോ;

(എഫ്) ഷോർട്ട് ലിസ്റ്റ് ചെയ്ത കമ്പനികൾക്ക് എന്നാണ് ജെ. ബി. ഐ. സി. അംഗീകാരം നൽകിയത്?

ഉത്തരം

(എ) 30-5-2002-ലാണ് പുതുക്കിയ ടെണ്ടർ ക്ഷണിച്ചത്. മലയാളത്തിലും ഇംഗ്ലീഷിലുമുള്ള ഏഴ് പത്രമാധ്യമങ്ങളിലൂടേയും കേരള വാട്ടർ അതോറിറ്റി വെബ്സൈറ്റിലൂടെയുമാണ് പരസ്യം ചെയ്തത്. കൂടാതെ കഴിഞ്ഞ തവണ ഷോർട്ട് ലിസ്റ്റ് തയ്യാറാക്കുന്നതിന് ആഗോളാടിസ്ഥാനത്തിൽ ഓഫർ ക്ഷണിച്ചപ്പോൾ അപേക്ഷിച്ചിരുന്ന എല്ലാ കൺസൾട്ടിംഗ് സ്ഥാപനങ്ങൾക്കും തപാൽ മുഖേന നോട്ടിഫിക്കേഷൻ അയച്ചു കൊടുക്കുകയും ചെയ്തു.

(ബി) 27 ഓഫറുകൾ ലഭിച്ചു. ഓഫറുകൾ നൽകിയവരുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു†. ഇതിൽ നിന്നും 5 സ്ഥാപനങ്ങളെയാണ് ഷോർട്ട് ലിസ്റ്റ് ചെയ്തത്.

(സി) കേരള വാട്ടർ അതോറിറ്റി പ്രോജക്ടിന് സമാനമായതോ, അതിനേക്കാൾ വലിയവയോ ആയ പ്രോജക്ടുകളിലുള്ള പരിചയം, ഏഷ്യൻ രാജ്യങ്ങളിലും ഇൻഡ്യയിലും ഏറ്റെടുത്ത പ്രോജക്ടുകൾ, ഇപ്പോൾ രാജ്യത്തിനകത്ത് നടത്തുന്ന പ്രോജക്ടുകൾ, ഇൻഫ്രാസ്ട്രക്ചർ പ്രോജക്ടുകളിലെ പരിചയം, പരിശീലന പ്രവർത്തനങ്ങൾ, വാർഷിക ടേൺ ഓവർ എന്നിവയാണ് പരിഗണിച്ചത്. ലീഡ് പാർട്ണറുകളുടേയും, അസോസിയേറ്റ് ഫേമുകളുടേയും പരിചയവും സാമ്പത്തിക വിവരങ്ങളും ഒരുമിച്ച് പരിഗണിച്ചാണ് ഓരോ ഓഫറും വിലയിരുത്തിയത്.

(ഡി) ഇല്ല. ഗ്രേഡിംഗ് സമ്പ്രദായമാണ് അവലംബിച്ചത്. എ, ബി, സി, ഡി എന്നീ നാലു ഗ്രേഡുകളാണ് നൽകിയിരുന്നത്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 'എ' ഗ്രേഡ് ലഭിച്ച അഞ്ച് കമ്പനികളെയാണ് ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെടുത്തിയത്.

(എഫ്) 3-9-2002-ൽ ആണ് ഷോർട്ട് ലിസ്റ്റിന് ജെ. ബി. ഐ. സി.-യുടെ അംഗീകാരം ലഭിച്ചത്.

വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ പരിശുദ്ധി ഉറപ്പ് വരുത്തുന്നതിന് നടപടി

57 [3200] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളത്തിൽ മാലിന്യങ്ങൾ കലരുന്നതായ പരാതികൾ ലഭിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) കുടിവെള്ളത്തിന്റെ സാമ്പിൾ പരിശോധന നടത്തുന്നത് സംബന്ധിച്ച് പുതിയ നടപടികൾ സ്വീകരിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പൈപ്പ് ലൈനുകൾ പൊട്ടുമ്പോൾ ശുദ്ധജലത്തിൽ മാലിന്യങ്ങൾ കലരാനുള്ള സാധ്യതയെപ്പറ്റി ഗവൺമെന്റ് വിദഗ്ദ്ധ പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ ദക്ഷിണമേഖലയുടെ പരിധിയിൽ കൊല്ലം വാട്ടർ സപ്ലൈ സ്കീമിൽ നിന്നുള്ള വിതരണ പൈപ്പുകൾ പൊട്ടുമ്പോൾ മലിനജലം കയറുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ട്. ഇത്തരം മാലിന്യങ്ങൾ കലരുന്നത് പൈപ്പുകൾ ശൂന്യമാകുമ്പോഴാണ്. ഓടകളുടെ സമീപത്തുള്ള പൈപ്പുകൾ പൊട്ടുമ്പോൾ അവ യുദ്ധകാലാടിസ്ഥാനത്തിൽ മാറ്റി സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. കൂടാതെ കേബിൾ വർക്കുകൾക്കായി കുഴി എടുക്കുമ്പോഴും കനാൽ, തോട് എന്നിവയിലൂടെ കടന്നുപോകുന്ന പൈപ്പു ലൈനുകളിൽ വെള്ളത്തിന്റെ ഊന്നുകോൽ മുതലായവ പതിക്കുമ്പോഴും പൈപ്പ്ലൈൻ പൊട്ടി മാലിന്യങ്ങൾ കലരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ജലഅതോറിറ്റിയുടെ മദ്ധ്യമേഖലയിൽ വരുന്ന കൊച്ചി കോർപ്പറേഷന്റെ പടിഞ്ഞാറൻ മേഖലയിൽ പഴകി ദ്രവിച്ച പൈപ്പുകൾ പൊട്ടുന്നതുമൂലം ശുദ്ധജലത്തിൽ മാലിന്യങ്ങൾ കലരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന് പരിഹാരമായി കേടായ പൈപ്പ് ലൈനുകൾ ഘട്ടംഘട്ടമായി സാമ്പത്തിക ലഭ്യതയനുസരിച്ച് മാറ്റി പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നുണ്ട്.

ജലഅതോറിറ്റിയുടെ ഉത്തരമേഖലയിൽ കോഴിക്കോട് ഡിവിഷനിൽ ഏലത്തൂർ പഞ്ചായത്തിൽ 1-ാം വാർഡിൽ വിതരണം ചെയ്തിരുന്ന കുടിവെള്ളത്തിൽ ഉപ്പും

LIBRARY ARCHIVES Kerala Legislative Assembly